# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2275

09-12-2014ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി.

ചോദ്യം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകൾ യൂണിറ്റിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) 2014 ൽ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിച്ചു എന്നും ഈ വർദ്ധനയ്ക്ക് കാരണമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ? | (എ)&(ബി) സംസ്ഥാനത്ത്, ഇപ്പോൾ നിലവിലുള്ള ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകളും ഓരോ വിഭാഗത്തിലും, 2014 -ൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.<br><br>വൈദ്യുതി വാങ്ങൽ ചെലവ്, എല്ലാ വർഷവും 8 മുതൽ 10 ശതമാനം വരെ വർദ്ധിച്ചു വരികയാണ്. ഇതുകൂടാതെ പണപ്പെരുപ്പം മൂലവും, വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതു വഴിയും വൈദ്യുതി സംബന്ധമായ സാധനസാമഗ്രി-കളിലുണ്ടായ വില വർദ്ധനവു കാരണവും, വൈദ്യുതി ബോർഡിന്റെ തേയ്മാന ചെലവുകൾ, റിപ്പയർ & മെയിന്റനൻസ് ചെലവുകൾ, ഭരണച്ചെലവുകൾ മുതലായവ വർദ്ധിച്ചു വരികയാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്തെ വൈദ്യുതി ചെലവുകൾ, പ്രതിവർഷം 10 ശതമാനത്തോളം വർദ്ധിക്കുന്നുണ്ട്. ഇതുകൂടാതെ മുൻകാല-ങ്ങളിൽ ചെലവിനനുസൃതമായി വൈദ്യുതി നിരക്ക് പരിഷ്കരിക്കാത്തതു കാരണം, ബോർഡിന്റെ റവന്യൂകമ്മി ഓരോവർഷവും വർദ്ധിച്ചു വരികയും ടി കമ്മി നികത്തുന്നതിന്, |

| | |
|---|---|
| | ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതു കാരണം പലിശച്ചെലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി കാരണങ്ങളാൽ, വൈദ്യുതി ചെലവുകൾ വർഷംതോറും വർദ്ധിച്ചു വരികയും, തത്ഫലമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കേണ്ടി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**